THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2008 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PCK/SAL-F-570/ 5497 10/03/2026

**നാളികേരം വിളവെടുക്കുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.**

പ്ലാന്റേഷൻ കോർപ്പറേഷൻ വക വടവാതൂർ സ്റ്റാഫ് ക്വാട്ടേഴ്സ് പരിസരത്ത് നിൽക്കുന്ന കായ്ഫലമുള്ള 20 തെങ്ങുകളിൽ നിന്നും ഒരു വർഷ കാലയളവിൽ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നാളികേരം വിളവെടുത്ത് പുറത്ത് കൊണ്ടുപോകുന്നതിനുള്ള ക്വട്ടേഷനുകൾ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു.

**വ്യവസ്ഥകൾ**

1. മേൽ പറഞ്ഞ സ്ഥലത്തെ തെങ്ങുകളിൽ നിന്നും വർക്ക് ഓർഡർ തീയ്യതി മുതൽ ഒരു വർഷത്തേക്ക് നാളികേരം വിളവെടുക്കുന്നതിനു കോർപ്പറേഷനു നൽകാൻ തയ്യാറുള്ള ഏറ്റവും കൂടിയ തുകയാണ് ക്വട്ടേഷനിൽ കാണിച്ചിരിക്കേണ്ടത്.
2. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പായി ടി തെങ്ങുകളിൽ നിന്നും കിട്ടാവുന്ന ഉൽപ്പന്നത്തിന്റെ എണ്ണം,മേന്മ എന്നിവയെക്കുറിച്ച് ടെൻഡറുകാരൻ നേരിട്ട് ബോധ്യപ്പെട്ടിരിക്കേണ്ടതാണ്.
3. ക്വട്ടേഷനുകൾ 25/03/2026 തീയതിയിൽ 3 PM വരെ Rs. 2,000/-രൂപ നിരതദ്രവ്യം സഹിതം പിസികെ ഹെഡ് ഓഫീസിൽ സ്വീകരിക്കുന്നതും, തുടർന്ന് 3.30 PM-ന് ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്.
4. ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ആൾ അറിയിപ്പ് തീയതി മുതൽ 3 ദിവസങ്ങൾക്കകം വാഗ്ദാനം ചെയ്ത മുഴുവൻ തുകയും സെക്യൂരിറ്റി ഡെപ്പോസിറ് ആയി Rs.5000/- രൂപയും (നിരതദ്രവ്യം അടക്കം) അടച്ച് 200/- രൂപ കേരളാ സർക്കാർ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വെച്ചശേഷം PCK ഹെഡ് ഓഫീസിൽ നിന്നും വർക്ക് ഓർഡർ കൈപ്പറ്റേണ്ടതാണ്. ആയതിനു ശേഷം മാത്രമേ നാളികേരം വിളവെടുക്കുന്നതിനു അനുവദിക്കുകയുള്ളൂ.
5. ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടുന്ന ആൾ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ജോലിക്കാരെ നിയോഗിക്കേണ്ടതും പണി ആയുധങ്ങൾ കൊണ്ട് വരേണ്ടതുമാണ്. ടി ജോലിക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ കോർപ്പറേഷന് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.
6. കരാർ കാലാവധിക്കിടയിൽ കരാറുകാരനോ ടിയാന്റെ ഏജന്റിനോ തൊഴിലാളികൾക്കോ എന്തെങ്കിലും അപകടം സംഭവിച്ചാൽ കോർപ്പറേഷൻ യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല.
7. കരാർ പ്രകാരം ലഭിക്കുന്നതായ അവകാശം കരാറുകാരൻ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.

8. തീ പിടുത്തം, വരൾച്ച, പ്രകൃതി ക്ഷോഭങ്ങൾ, കീടബാധ, കരാറുകാരന്റെയോ, പി .സി .കെ യുടെയോ തൊഴിലാളികളുടെ സമരം തുടങ്ങിയവ വഴിയോ മറ്റേതെങ്കിലും തരത്തിലോ നഷ്ടം ഉണ്ടായാൽ ആയതിനു കോർപ്പറേഷൻ യാതൊരുവിധ നഷ്ട പരിഹാരവും നൽകുന്നതല്ല.
9. കരാറുകാരന്റെ തൊഴിലാളികളോ ഏജന്റോ നാളികേരം ശേഖരിക്കാൻ പോകുന്നതിനു മുമ്പ് മനേജിംഗ് ഡയറക്ടർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ പക്കൽ നിന്ന് പാസ്സ് വാങ്ങിയിരിക്കേണ്ടതും വടവാളുർ ക്വാട്ടേഴ്സ് സെക്യൂരിറ്റി ക്യാബിനിലുള്ള റെജിസ്റ്ററിൽ വരുന്നതും പോകുന്നതുമായ സമയം രേഖപ്പെടുത്തേണ്ടതുമാണ്.
10. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ ക്വാർട്ടേഴ്സിൽ താമസിക്കുന്നവർക്ക് യാതൊരുവിധ ബുദ്ധിമുട്ടും നേരിടുവാൻ പാടില്ലാത്തതും കൂടാതെ ക്വാട്ടേഴ്സ് പരിസരത്ത് യാതൊരു വിധ നിയമ വിരുദ്ധ പ്രവർത്തനവും നടത്താൻ പാടില്ലാത്തതുമാകുന്നു.
11. കരാറുകാരനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ കോർപ്പറേഷനോ കോർപ്പറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ മാനേജിംഗ് ഡയറക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം കരാറുകാരൻ അടക്കേണ്ടതും അപ്രകാരം എടുക്കുന്ന തീരുമാനം സംബന്ധിച്ച് കരാറുകാരൻ തർക്കങ്ങൾ ഉന്നയിക്കാൻ പാടില്ലാത്തതുമാണ്.
12. പ്രവൃത്തി ദിവസങ്ങളിൽ 9 മുതൽ 5 വരെയുള്ള സമയങ്ങളിൽ മാത്രം വിളവ് എടുക്കേണ്ടതും ഹെഡ് ഓഫീസിൽ നിന്നും പാസ്സ് വാങ്ങി മാത്രം നാളികേരം കൊണ്ടുപോകാവുന്നതുമാണ്.
13. ഏതൊരു ക്വട്ടേഷനും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനും ക്വട്ടേഷനിൽ പങ്കെടുത്ത ആരുമായും നെഗോഷിയേറ്റ് ചെയ്യുന്നതിനും കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. കോർപ്പറേഷന്റെ മറ്റു ക്വട്ടേഷനുകളുടെ പൊതുവായ വ്യവസ്ഥകൾ ഈ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.
15. ക്വട്ടേഷൻ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ക്വട്ടേഷനുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ക്വട്ടേഷനുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

Sd/-

ജനറൽ മാനേജർ (സി)